# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെമ്മനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.6/860/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 20/01/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്മനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.6/860/2021 തീയ്യതി: 20/01/2022

## കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ.ടി.എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2021 | 23-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-11-2021 | 23-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനീത് കുമാർ. കെ.പി., ഓഡിറ്റ് ഓഫീസർ

രഘുനാഥൻ. കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ബാബു.എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അരുൺദേവ്.വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കല്ലട അബ്ദുൾഖാദർ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 20-12-2020 |
| സുഫൈജ അബൂബക്കർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ദേവദാസ്.പി | സെക്രട്ടറി | 01-04-2020 | 11-03-2021 |
| കെ.പി.ശശിധരൻ | സെക്രട്ടറി | 12-03-2021 | 15-03-2021 |
| പ്രദീഷ്.എം.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രദീഷ്.എം.കെ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് | 01-04-2020 | 14-06-2020 |
| പ്രദീഷ്.എം.കെ | അസിസ്റ്റന്റ് സെക്രട്ടറി | 15-06-2020 | 31-03-2021 |
| വിശ്വനാഥൻ എം എൻ | അസിസ്റ്റന്റ് എഞ്ചിനിയർ (കരാർ) | 01-04-2020 | 30-06-2020 |
| വിശ്വനാഥൻ എം എൻ | അസിസ്റ്റന്റ് എഞ്ചിനിയർ (കരാർ) | 01-07-2020 | 31-07-2020 |
| കൈലാസ് എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-08-2020 | 27-10-2020 |
| ബിനോജ് കുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ (എംപ്ലോയ്മെന്റ്) | 28-10-2020 | 31-03-2021 |
| ദിനേശ്.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ജസീറ.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ജാഫർ.ടി.കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| സുരേന്ദ്രൻ.കെ | പ്രധാനാധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.വിജി വിജയൻ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.കായിഞ്ഞി സി.എം. | മെഡിക്കൽ ഓഫീസർ-അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.ഫാത്തിമ യാസ്മിൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| സുകുമാരൻ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| അനിൽകുമാർ.എ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineeth Kumar K.P (Audit Officer, On 25-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-01-2022) | 1-2 |
| 3 | കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-12-2021) | 1-2-1 |
| 4 | നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-12-2021) | 1-2-2 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-12-2021) | 1-2-3 |
| 6 | രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല / തുക പൊരുത്തപ്പെടുന്നില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-12-2021) | 1-2-4 |
| 7 | ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-12-2021) | 1-2-5 |
| 8 | തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-12-2021) | 1-2-6 |
| 9 | ലൈസൻസ് ഫീസ്-രജിസ്റ്റർ പൊരുത്തപ്പെടുന്നില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-12-2021) | 1-2-7 |
| 10 | 31.3.2021 ലെ നീക്കിയിരിപ്പ് രസീപ്റ്റ് &പേമെന്റ് -RP-40(B) – അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-12-2021) | 1-2-8 |
| 11 | സാമ്പത്തിക വിശകലനം<br>Written By: Raghunadhan. K (Asst. Audit Officer, On 26-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 21-12-2021) | 1-3 |
| 12 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Vineeth Kumar K.P (Audit Officer, On 26-11-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 06-01-2022) | 1-4 |
| 13 | പദ്ധതി അവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 28-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-01-2022) | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 28-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-01-2022) | 1-6 |

| | | |
|---|---|---|
| 15 | ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 21-12-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-12-2021) | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Arun Dev V.R (Senior Grade Auditor, On 30-11-2021)<br>Last Updated By: Arun Dev V.R (Senior Grade Auditor, On 30-11-2021) | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം<br>Written By: Vineeth Kumar K.P (Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-9 |
| 18 | ഇ ടെണ്ടർ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല<br>Written By: Vineeth Kumar K.P (Audit Officer, On 30-11-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 26-12-2021) | 1-10 |
| 19 | വസ്തുനികുതി അപാകങ്ങൾ<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: Arun Dev V.R (Senior Grade Auditor, On 23-11-2021) | 1-11 |
| 20 | റദ്ദാക്കിയ സാംഖ്യ രസീതിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-11-1 |
| 21 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-11-2 |
| 22 | കെട്ടിടങ്ങളെ പൂർണമായും നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-11-3 |
| 23 | പഞ്ചായത്ത് വക കെട്ടിടങ്ങൾ സഞ്ചയയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-11-4 |
| 24 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - ചട്ടങ്ങൾ പാലിക്കുന്നില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-11-5 |
| 25 | പെർമിറ്റ് - തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-12 |
| 26 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഇൗടാക്കാത്തത് മൂലം നഷ്ടം.<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-13 |
| 27 | കടമുറി വാടകയ്ക്ക് നൽകൽ- കരാർ ഉടമ്പടിയിൽ അപാകത<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-01-2022) | 1-14 |
| 28 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-15 |

| | | |
|---|---|---|
| 29 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ട നികുതികൾ കുറവ് ചെയ്തില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-16 |
| 30 | സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹജരാക്കിയില്ല.<br>Written By: Babu M (Senior Grade Auditor, On 21-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-17 |
| 31 | തുല്യതാ പരീക്ഷ ഫീസിനത്തിൽ അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 21-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-01-2022) | 1-18 |
| 32 | ടെണ്ടർ , പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 21-11-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 14-01-2022) | 1-19 |
| 33 | ചട്ടഞ്ചാൽ പി.എച്ച്.സി നവീകരണം- പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-20 |
| 34 | കോവിഡ്-19 പ്രതിരോധ അനുബന്ധ പ്രവർത്തനങ്ങൾ പദ്ധതി -അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-01-2022) | 1-21 |
| 35 | തൊഴിൽ നികുതി ക്രമ പ്രകാരം ഈടാക്കിയിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-01-2022) | 1-22 |
| 36 | സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ - ചട്ടങ്ങൾ പാലിക്കുന്നില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-23 |
| 37 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-24 |
| 38 | സംയുക്ത പദ്ധതികൾ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വർഷങ്ങളായി തുക ചെലവഴിക്കാതെ നിലനിൽക്കുന്നു<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-01-2022) | 1-25 |
| 39 | വിവിധ ഗ്രാന്റ് / കോൺട്രിബ്യൂഷൻ ഇനങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Arun Dev V.R (Senior Grade Auditor, On 23-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-26 |
| 40 | ജി.എസ്.ടി. കോമ്പൻസേഷൻ- അധിക തുകയനുവദിച്ചത് നിരാകരിക്കുന്നു<br>Written By: Vineeth Kumar K.P (Audit Officer, On 05-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-01-2022) | 1-27 |
| 41 | വീട് മേൽക്കൂര മാറ്റിവക്കൽ - അധിക ധനസഹായം ക്രമീകരിച്ചിട്ടില്ല<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-28 |

| | | |
|---|---|---|
| 42 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - അപാകതകൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-01-2022) | 1-29 |
| 43 | വീട് പുനരുദ്ധാരണം പട്ടികജാതി വിഭാഗം - മുൻകൂർ തുക കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-01-2022) | 1-30 |
| 44 | മേൽക്കൂര മാറ്റൽ പൊതുവിഭാഗം- മുൻകൂർ തുക കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-31 |
| 45 | ഹരിതകർമ്മ സേന കൺസോർഷ്യം<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-32 |
| 46 | ഗുണഭോക്തൃ വിഹിതം പിടിച്ചത് തിരികെ നൽകേണ്ടതാണ്<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-33 |
| 47 | ആശ്രയ കുടുംബങ്ങളുടെ വീടുകൾ വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-34 |
| 48 | കുടുംബശ്രീ സി.ഡി.എസ്. ഓഫീസിലേക്ക് സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ്സ് എന്നിവ വാങ്ങൽ<br>Written By: Jenu Kuriakkose (Senior Grade Auditor, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-35 |
| 49 | കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾക്ക് ( CFLTC) അനുവദിച്ച തുകയിലെ നീക്കിയിരിപ്പ്<br>Written By: Vineeth Kumar K.P (Audit Officer, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jenu Kuriakkose (Senior Grade Auditor, On 28-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jenu Kuriakkose (Senior Grade Auditor, On 28-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 28-11-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 28-11-2021) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jenu Kuriakkose (Senior Grade Auditor, On 28-11-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 28-11-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jenu Kuriakkose (Senior Grade Auditor, On 28-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 28-11-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 28-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jenu Kuriakkose (Senior Grade Auditor, On 28-11-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 28-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: Raghunadhan. K (Asst. Audit Officer, On 24-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-12-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Raghunadhan. K (Asst. Audit Officer, On 24-11-2021)<br>Last Updated By: Raghunadhan. K (Asst. Audit Officer, On 24-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jenu Kuriakkose (Senior Grade Auditor, On 28-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 19-01-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vineeth Kumar K.P (Audit Officer, On 30-11-2021)<br>Last Updated By: T.N.Ajithan (Deputy Director, On 20-01-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 തിയതി.31.03.2020 | 1/1 തിയതി.17.2.2021 |
| മുന്നിരിപ്പ് | 16359686 | 98551709 |
| വരവ് | 290331908 | 328912579 |
| ആകെ | 306691594 | 427464288 |
| ചെലവ് | 291245108 | 370173123 |
| നീക്കിയിരിപ്പ് | 15446486 | 57291165 |

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ

ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ധനകാര്യ പത്രിക 14.05.2021-ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾചുവടെ ചേർക്കുന്നു.

### 1-2-1 കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല

വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

### 1-2-2 നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

നിലവിൽ 27 ബാങ്ക് /ട്രഷറി അക്കൗണ്ടുകളാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്, ഇതിൽ 18 ബാങ്ക് /ട്രഷറി അക്കൗണ്ടുകളിൽ കൂടിയാണ് ഇടപാടുകൾ നടക്കുന്നത്. ഇതിൽ ഒരു ബാങ്ക് അക്കൗണ്ട് 8 ട്രഷറി അക്കൗണ്ട് എന്നിവയിൽ 31.3.2021 ന് നീക്കിയിരിപ്പില്ല. ഈ

അക്കൗണ്ടുകളിൽ പ്രത്യേകം സൂക്ഷിക്കേണ്ടതില്ലെങ്കിൽ നിലവിൽ ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തനത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് യഥാർത്ഥത്തിലുള്ള ആസ്തിമൂല്യം പ്രതിഫലിപ്പിക്കുവാൻ വാർഷിക കണക്കിന് സാധിച്ചിട്ടില്ല.

### 1-2-4 രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല / തുക പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ടതും, മുൻകൂറുകളായി നൽകിയ തുകയുടെ വിവരങ്ങൾ എന്നിവ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

1.460100103 ഹെഡ് Temporery Advance To Official Purpose - നീക്കിയിരിപ്പ് തുക 488532/- രൂപയാണ്. എന്നാൽ രജിസ്റ്ററിൽ തുക 500609/- രൂപയാണ് .

2.460500501 ഹെഡ് Advance To Implementing Officer - നീക്കിയിരിപ്പ് തുക 1123995/- രൂപയാണ്. എന്നാൽ രജിസ്റ്ററിൽ തുക 102096/-രൂപയാണ് .

### 1-2-5 ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

കെ.യു.ആർ.ഡി.എഫ്.സി ലോൺ തുക - വാർഷിക ധനകാര്യ പത്രിക RP-32 പ്രകാരം തൻവർഷ വരവ് 49,45,000/-രൂപയാണ്. B5 സ്റ്റേറ്റ്മെന്റ് പ്രകാരം ബാധ്യത 21,108,274/- രൂപയാണ്. വിശദ വിവരങ്ങൾ പരിശോധിക്കാൻ ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

### 1-2-6 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3 / 2008 / ത.സ്വ.ഭ.വ. പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ദേശസാത്കൃത ബാങ്കായ എസ്.ബി.ഐ പെരുമ്പളയിലെ അക്കൗണ്ടിലും, പെരുമ്പള സർവ്വീസ് സഹകരണ ബാങ്കിലും ആണ് നിക്ഷേപിക്കുന്നത്. കൂടാതെ ഓൺലൈൻ ട്രാൻസാക്ഷനായി എസ്. ബി. ഐ. പെരുമ്പളയിൽ മറ്റൊരു അക്കൗണ്ട് കൂടി സൂക്ഷിക്കുന്നുണ്ട്.

### 1-2-7 ലൈസൻസ് ഫീസ്-രജിസ്റ്റർ പൊരുത്തപ്പെടുന്നില്ല

ലൈസൻസ് ഫീസിനത്തിലെ വരവ് രജിസ്റ്റർ പ്രകാരം 320400/- രൂപയാണ്, എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ് 337050/-രൂപയാണ്.

### 1-2-8 31.3.2021 ലെ നീക്കിയിരിപ്പ് രസീപ്റ്റ് &പേമെന്റ് -RP-40(B) – അപാകതകൾ

1. വാർഷിക ധനകാര്യ പത്രിക പ്രകാരം അക്കൗണ്ട് നം.67383204636-SBI പെരുമ്പള – 31.3.2021 ലെ നീക്കിയിരിപ്പ് തുക 14885095/- രൂപയാണ്. ബാങ്ക് പത്രിക പ്രകാരം 31.3.2021 ലെ നീക്കിയിരിപ്പ് 14333665.35/- രൂപയാണ്. വ്യത്യാസം 551430/- രൂപ. റീക്കൺസിലേഷൻ പ്രകാരം 91166/- രൂപ ചെക്ക് നൽകിയത് തുക മാറിയിട്ടില്ല, 642596/- രൂപ ചെക്ക് സമർപ്പിച്ചത് കളക്ഷൻ വന്നിട്ടില്ല. ഇതിൽ 91166/- രൂപ പിന്നീട് മാറിയിട്ടുണ്ട്. 642596/- രൂപ കളക്ഷൻ വരാനുള്ളതിൽ 73200/- രൂപ കളക്ഷൻ നാളിതുവരെയായി വന്നിട്ടില്ല, ബാക്കി 569396/- രൂപയുടെ കളക്ഷൻ പിന്നീട് വന്നിട്ടുണ്ട്. കളക്ഷൻ ആവാത്ത ചെക്ക് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം./തിയ്യതി | തുക |
|---|---|---|
| 1 | 7548371/22.2.2021 | 29750.00 |
| 2 | 5553133/25.2.2021 | 4350.00 |
| 3 | 4330894/11.2.2021 | 12500.00 |
| 4 | 1278496/25.2.2021 | 11000.00 |
| 5 | 5553149/22.2.2021 | 3750.00 |
| 6 | 6817857/25.2.2021 | 3100.00 |
| 7 | 129760/1.10.2020 | 7500.00 |
| 8 | 129761/1.10.2020 | 1250.00 |
| | ആകെ | 73200.00 |

2. വാർഷിക ധനകാര്യ പത്രിക പ്രകാരം അക്കൗണ്ട് നം. 5401 – SCB പെരുമ്പള - 31.3.2021 ലെ നീക്കിയിരിപ്പ് തുക 1110821/-രൂപയാണ്. ബാങ്ക് പത്രിക പ്രകാരം 31.3.2021 ലെ നീക്കിയിരിപ്പ് 1065299/- രൂപയാണ്. വ്യത്യാസം 45522/- രൂപ. റീക്കൺസിലേഷൻ പ്രകാരം ഈ തുകക്ക് ചെക്ക് സമർപ്പിച്ചത് കളക്ഷൻ വന്നിട്ടില്ല എന്നാണ് കാണിച്ചിരിക്കുന്നത്, ചെക്ക് നമ്പർ ഇല്ല തിയ്യതി 31.3.2020. എന്നാൽ ബാങ്ക് പത്രിക പരിശോധിച്ചപ്പോൾ ഇത് പലിശ ഇനത്തിൽ 31.3.2020 ൽ തന്നെ ക്രെഡിറ്റ് ആയ തുകയാണ്.

3. വാർഷിക ധനകാര്യ പത്രിക പ്രകാരം അക്കൗണ്ട് നം. 5791-SCB പെരുമ്പള - 31.3.2021 ലെ നീക്കിയിരിപ്പ് തുക 155/- രൂപയാണ്. ബാങ്ക് പത്രിക പ്രകാരം 31.3.2021 ലെ നീക്കിയിരിപ്പ് 146/- രൂപയാണ്. വ്യത്യാസം 6/- രൂപ. റീക്കൺസിലേഷൻ പ്രകാരം ഈ തുകക്ക് ചെക്ക് സമർപ്പിച്ചത് കളക്ഷൻ വന്നിട്ടില്ല എന്നാണ് കാണിച്ചിരിക്കുന്നത്. ചെക്ക് നമ്പർ ഇല്ല തിയ്യതി 31.3.2020.

4. അക്കൗണ്ട് നം.37049327777- SBI പെരുമ്പള – വാർഷിക ധനകാര്യ പത്രിക പ്രകാരം 31.3.2021 ലെ

നീക്കിയിരിപ്പ് തുക 1924599/- രൂപയാണ്. ബാങ്ക് പത്രിക പ്രകാരം 31.3.2021 ലെ നീക്കിയിരിപ്പ് 1547753.50/- രൂപയാണ്. വ്യത്യാസം 376845.50/- രൂപ. റീക്കൺസിലേഷൻ പ്രകാരം 1250/- രൂപ ചെക്ക് നൽകിയത് തുക മാറിയിട്ടില്ല. 303347/- രൂപ ചെക്ക് സമർപ്പിച്ചത് കളക്ഷൻ വന്നിട്ടില്ല. 74748/- രൂപ ബാങ്ക് ചാർജ്ജായി ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തിട്ടുണ്ട്. 1250/- രൂപ നാളിതുവരെ മാറിയിട്ടില്ല. കളക്ഷന് സമർപ്പിച്ച 303347/- രൂപ വരുന്ന ചെക്കുകളിൽ 70493/- രൂപയുടെ ചെക്കുകളെ കളക്ഷൻ ആയിട്ടുള്ളൂ, ബാക്കി 232854/- രൂപയുടെ ചെക്കുകൾ നാളിതുവരെ കളക്ഷൻ ആയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 106938038 |
| വരവ് | 122744536 |
| ആകെ | 229682574 |
| ചെലവ് | 147685948 |
| നീക്കിയിരിപ്പ് | 81996626 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 29599875 | 29599875 | 29100365* | 499510 | 98.3 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3076000 | 3076000 | 2062621 | 1013379 | 67 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 609000 | 609000 | 200000 | 409000 | 32.84 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12861000 | 12861000 | 6145279 | 6715721 | 47.78 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7769613 | 7769613 | 3378946 | 4390667 | 44.64 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 32060495 | 32060495 | 10354781 | 21705714 | 32.3 |
| ആകെ | 0 | 85975983 | 85975983 | 51241992 | 34733991 | 59.44 |

(വികസനഫണ്ട് (ജനറൽ) സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 4166279/- രൂപയും, എസ്.സി.പി വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹14627 രൂപയും മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. (*കൃഷി ഓഫീസർ നിർവഹണം ചെയ്ത *വീഡ് കട്ടർ ഫോർ വുമൺ* എന്ന പദ്ധതിയുടെ (208/21 Spill Over) ചെലവ് തുകയായ ₹2,10,000/- വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പദ്ധതിക്ക് സാങ്കേതിക പ്രശ്നങ്ങളാൽ അംഗീകാരം ലഭിക്കാത്തതിനാൽ

ഈ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഈ തുകകൂടി ഉൾപ്പെട്ട ചെലവാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്)).

ഫണ്ട് വിനിയോഗം റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24934086 | 24934086 | 24934086 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2047994 | 2047994 | 2047994 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 200000 | 200000 | 200000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6145279 | 6145279 | 6145279 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3378946 | 3378946 | 3378946 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10354781 | 10354781 | 10354781 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 1260000 | 1260000 | 1260000 | 0 |
| തൊഴിലുറപ്പ് -100 ദിന ഇൻസെന്റീവ് | 0 | 439000 | 439000 | 439000 | 0 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് * | 45854909 | 23531063 | 69385972 | 67986666 | 1399306 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 981937 | 3268544 | 4250481 | 3268544 | 981937 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്) | 502925 | 2104126 | 2607051 | 2492016 | 115035 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 1729177 | 2172821 | 3901998 | 3752345 | 149653 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 1720589 | 1962813 | 3683402 | 1610275 | 2073127 |
| പൈക്ക | 160079 | 0 | 160079 | 0 | 160079 |
| ടോട്ടൽ സാനിറ്റേഷൻ | 352617 | 0 | 352617 | 0 | 352617 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 450000 | 0 | 450000 | 0 | 450000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ശുചിത്വ മിഷൻ | 91805 | 4877982 | 4969787 | 0 | 4969787 |
| വിമുക്തി | 40000 | 0 | 40000 | 0 | 40000 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 23531063/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 46351324/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 96932700/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 344 | 173404771 | 165 | 83440146 | 10 | 169 | 47.96 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷ ത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 39 | 20497136 | 23 | 13544720 | 66.08 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 15 | 4209970 | 11 | 1612211 | 38.29 |

| | | | | | | |
|---|---|---|---|---|---|---|
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 193 | 69120630 | 75 | 21749958 | 31.46 |
| 4 | കൃഷി ഓഫീസർ | 18 | 10683639 | 15 | 5580724 | 52.2 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 27871618 | 7 | 14474935 | 51.93 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 14729522 | 7 | 11025359 | 74.85 |
| 7 | വെറ്ററിനറി സർജ്ജൻ | 10 | 10455000 | 7 | 3695500 | 35.35 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 1100000 | 2 | 1100000 | 100 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 15 | 3803714 | 14 | 3099696 | 81.5 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1022542 | 1 | 1022542 | 100 |
| 11 | പ്രധാനധ്യാപകൻ | 17 | 6925000 | 10 | 4894148 | 70.67 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1400000 | 1 | 1400000 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 1586000 | 2 | 240353 | 15.15 |
| | ആകെ | 344 | 173404771 | 175 | 83440146 | 48.12 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1729177 | 2172821 | 3901998 | 3752345 | 149653 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 46790324 | 46790324 | 46790324 | 0 |
| ആകെ | 1729177 | 48963145 | 50692322 | 50542669 | 149653 |

(കൂടാതെ 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 439000/- രൂപയും ടി വർഷം വിനിയോഗിച്ചിട്ടുണ്ട്)

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 1434 പദ്ധതികളുൾപ്പെടുന്ന 26.2284 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. ടി വർഷം 325 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ടി വർഷം വിവിധ പദ്ധതികളിലായി ആകെ 137999 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 439 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3119400 | 219 |
| വിധവാപെൻഷൻ | 33582700 | 234 |
| വാർദ്ധക്യകാലപെൻഷൻ | 46113800 | 3345 |
| വികലാംഗപെൻഷൻ | 13158300 | 899 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 958500 | 68 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1260000 | 42 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2021 തീയ്യതിയിൽ 3.20 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 40,982/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

08.6.2020 ലെ ഓഫീസ് ഉത്തരവ് നം.12/20 പ്രകാരം അവസാനമായി ജീവനക്കാരുടെ ജോലി വിഭജനം പുനക്രമീകരണം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. നിലവിലെ ജീവനക്കാരുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | അക്കൗണ്ടന്റ് | 1 |
| 4 | സീനിയർ ക്ലാർക്ക് | 5 |
| 5 | ക്ലാർക്ക് | 3 |
| 6 | ഓഫീസ് അറ്റന്റന്റ് | 1 |
| 7 | പാർട്ട്-ടൈം-സ്വീപ്പർ | 1 |
| 8 | പാർട്ട് -ടൈം-പൗണ്ട് കീപ്പർ | 1 |
| | ആകെ | 14 |

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ഹാജർ

കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

2020-21 വർഷം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) ചേർന്നതിന്റെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല . ജീവനക്കാരുടെ യോഗം മാസത്തിൽ ഒരു തവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ബഡ്ജറ്റ് പാസ്സാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. ബജറ്റ് വിശദാംശങ്ങൾ ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തുന്നില്ല. ബജറ്റ് അംഗീകരിച്ചു എന്ന ഒറ്റവരി തീരുമാനം മാത്രമാണ് ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തിക്കാണുന്നത്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. (സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നതിൽ ചില പോരായ്മകൾ ശ്രദ്ധയിപ്പെട്ടിട്ടുണ്ട്. അവ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1.2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി.സി.ബി.യിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം കുറ്റമറ്റതാക്കുവാനും, നികുതി പിരിവ് കാര്യക്ഷമമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പുതുതായി സൃഷ്ടിച്ച ആസ്തികൾ സചിത്ര സോഫ്റ്റ് വെയറിൽ ചേർക്കുവാനും, നിലവിലുള്ളവയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18.9.2017 ലെ എം4 / 7253/17 നമ്പർ സർക്കുലറിൽ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് ഓഡിറ്റ് മോണിറ്ററിംഗ് സമിതി സജീവമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ് മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവയിൽ അക്വിറ്റൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അക്കൗണ്ട് വഴിയാണ് ശമ്പളം നൽകുന്നതെങ്കിലും ബാങ്കിൽ ഇതിനായി നൽകുന്ന പത്രികയുടെ പകർപ്പ് ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കേണ്ടതാണ്. ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല., ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആയവ അടിയന്തിരമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. യാത്രകൾ സംബന്ധിച്ചും, ഇന്ധനം നിറയ്ക്കൽ , അറ്റകുറ്റപ്പണി എന്നിവയുടെ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തി ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-10 ഇ ടെണ്ടർ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടത്തുമ്പോൾ ബിഡ്ഡർമാർ ഓൺലൈനായി അടക്കുന്ന ബിഡ് സമർപ്പണ ഫീസ്, കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2014-15 വർഷം മുതൽ ഈയിനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും തുക ലഭിക്കാൻ ബാക്കിയുണ്ട്. ഇപ്രകാരമുള്ള മുഴുവൻ തുകയും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 വസ്തുനികുതി അപാകങ്ങൾ

വസ്തുനികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-11-1 റദ്ദാക്കിയ സാംഖ്യ രസീതിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2020-21 സാമ്പത്തിക വർഷം റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | പേര് | വാർഡ് | ഡോർ നമ്പർ | തുക |
|---|---|---|---|---|---|---|
| 1 | 19/06/2020 | 120010100850 | സലീന | 11 | 55 | 1239 |
| 2 | 19/06/2020 | 120010100851 | എ.അബ്ദുൾ ഹമ്മീദ് | 11 | 54 | 17 |
| 3 | 07/01/2021 | 120010106173 | മുഹമ്മദ് കുഞ്ഞി | 13 | 567 | 113 |
| 4 | 16/01/2021 | 120010106831 | ടി.എ. മൊയ്തീൻ കുഞ്ഞി | 23 | 503 | 1010 |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/15.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-11-2 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല

ചുവടെ പറയുന്ന മൊബൈൽ ടവറിൽ നിന്നും വർഷങ്ങളായി വസ്തു നികുതി ഈടാക്കുന്നില്ല.

ബിൽഡിംഗ് ഐ.ഡി : 51192010019135

ഡോർ നം : 2/352/A

ഉടമയുടെ പേര് : ജനറൽ മാനേജർ

| ക്രമ നം. | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | Total Tax |
|---|---|---|---|---|---|
| 1 | 2015-16 | Ist Half | 5688.00 | 285.00 | 5973.00 |

| | | | | | |
|---|---|---|---|---|---|
| 2 | 2015-16 | IInd Half | 5687.00 | 284.00 | 5971.00 |
| 3 | 2016-17 | Ist Half | 5688.00 | 285.00 | 5973.00 |
| 4 | 2016-17 | IInd Half | 5687.00 | 284.00 | 5971.00 |
| 5 | 2017-18 | Ist Half | 5688.00 | 285.00 | 5973.00 |
| 6 | 2017-18 | IInd Half | 5687.00 | 284.00 | 5971.00 |
| 7 | 2018-19 | Ist Half | 5688.00 | 285.00 | 5973.00 |
| 8 | 2018-19 | IInd Half | 5687.00 | 284.00 | 5971.00 |
| 9 | 2019-20 | Ist Half | 5688.00 | 285.00 | 5973.00 |
| 10 | 2019-20 | IInd Half | 5687.00 | 284.00 | 5971.00 |
| 11 | 2020-21 | Ist Half | 5688.00 | 285.00 | 5973.00 |
| 12 | 2020-21 | IInd Half | 5687.00 | 284.00 | 5971.00 |

മേൽ വിഷയത്തിന നൽകിയ എൻക്വയറി നമ്പർ 5/15.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി ഈടാക്കുന്നതിന സ്വീകരിച്ചിട്ടുള്ള തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതും വരുമാന വർദ്ധനവിന് ആവശ്യമായ മേൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-11-3 കെട്ടിടങ്ങളെ പൂർണമായും നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയറിൽ വാർഡ് 1, 2, 3, 4, 5, 6, 22 & 23 എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പറുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ആകെ |
|---|---|---|---|
| 1 | 1 | 6,15,262, 363, 629, 655, 656, 657, 668,669,726,729,732, 745, 777,792, 793,794,795, 796,802 | 21 |
| 2 | 2 | 44, 83, 159, 233, 275, 321,423, 446, 450,547, 602, 680, 692 മുതൽ 983 വരെ | 304 |
| 3 | 3 | 30,56, 66,76, 171,215, 270,344, 375,392, 449,450, 477,527 മുതൽ 724 വരെ, 726 മുതൽ 1061 വരെ | 547 |

| | | | |
|---|---|---|---|
| 4 | 4 | 17,21,32, 38,138, 146,149, 177,237, 238,239, 240,272, 317, 322,344, 349, 351, 356, 363, 370, 376, 390, 392, 393, 394, 500 മുതൽ 510 വരെ, 515, 526, 539,542, 549,565, 585, 662, 671,688, 696, 698, 700,701, 702,703, 704,705, 706 | 56 |
| 5 | 5 | 40,46,103, 110, 111, 145, 150, 151, 154, 156,158, 159,160, 161,162, 176, 192, 193, 194, 201, 216, 332, 344, 349, 469, 482, 500, 504, 505, 544, 545, 550, 605, 629 മുതൽ 645 വരെ | 50 |
| 6 | 6 | 17, 18, 38, 46, 52, 61,77, 79,82, 89,91, 92,97, 100,102, 104,105, 106, 107, 108, 111, 112, 113, 132, 140,154, 155, 156, 157, 158, 160, 161, 162, 163, 170, 176, 196,200, 203,204,206, 207, 209, 210, 211, 213, 214, 217, 227, 238, 253, 255, 256, 257, 284, 285, 303, 304, 305, 306, 307, 333, 353, 373, 374, 375, 404, 405, 417, 419,435,437,438,439,441,442,443,451,456,459,460,471, 489 മുതൽ 516 വരെ, 518 മുതൽ 601 വരെ | 194 |
| 7 | 22 | 20, 34, 35, 80, 98, 101, 102, 103, 104, 105, 136, 165, 218, 249, 253, 263, 279, 303, 326, 328, 339, 341, 354, 364, 371, 373, 377, 380, 439, 450, 466, 478, 503, 570, 572, 573, 578 മുതൽ 610 വരെ | 69 |
| 8 | 23 | 32, 39, 43, 46, 76, 220, 231, 300, 351, 356, 365, 378, 424, 435, 436,444, 477, 494, 535, 556, 559, 585, 590, 600 | 24 |

ഇത്തരത്തിൽ അനവധി കെട്ടിടങ്ങൾ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. വിട്ടുപോയിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-11-4 പഞ്ചായത്ത് വക കെട്ടിടങ്ങൾ സഞ്ചയയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

I) പഞ്ചായത്തിനു കീഴിലുള്ള 5/201 ാം നമ്പർ കടമുറി 2020-21 സാമ്പത്തിക വർഷം സി.പുരുഷോത്തമൻ എന്നയാൾക്ക് പുതുക്കി നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ കെട്ടിടം സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല.

Ii) 23/179 എന്ന കടമുറി പ്രസാദ് എന്നയാൾക്ക് 2020-21 സാമ്പത്തിക വർഷം പുതുക്കി നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ഇത് മാധവൻ നായരുടെ പേരിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

Iii) ഗ്രാമ പഞ്ചായത്തിന്റെ പേരിൽ സഞ്ചയയിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങളുടെ

നിലവിലെ ഉപയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|
| 1 | 5/204A |
| 2 | 5/205 |
| 3 | 5/206 |
| 4 | 18/815A |
| 5 | 18/815B |
| 6 | 23/346 |
| 7 | 23/347 |
| 8 | 23/349 |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/15.11.2021 ന് ലഭിച്ച മറുപടി പ്രകാരം, 5/201 എന്ന കെട്ടിടം സഞ്ചയയിൽ ഉൾപ്പെടാത്തത് പ്യൂരിഫിക്കേഷനിൽ ചെയ്യുന്ന സമയത്ത് വന്ന തെറ്റാണെന്നും പ്രസ്തുത നമ്പർ കെട്ടിടം സഞ്ചയയിൽ ഉൾപ്പെടുത്തി അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 23/179 എന്നത് ശരിയായ കെട്ടിട നമ്പർ അല്ലെന്നും പ്രസാദ് എന്നയാൾ സംരംഭം തുടങ്ങിയത് 9/179 നമ്പർ കെട്ടിടത്തിലാണെന്നുമാണ് വിശദീകരണം ലഭ്യമാക്കിയിട്ടുള്ളത്. ക്രമ നമ്പർ iii) പ്രകാരമുള്ള മുറികൾ നിലവിലുള്ളതായി കാണുന്നില്ലെന്നും ഫീൽഡ് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്നുമാണ് വിശദീകരണം ലഭ്യമാക്കിയത്.

ഇത്തരത്തിൽ നിലവില്ലില്ലാത്ത കെട്ടിടം സഞ്ചയയിൽ ഉൾപ്പെടുന്നതും പഞ്ചായത്തിന്റെ പേരിലുള്ള കെട്ടിടം ഉൾപ്പെടാതെ പോകുന്നതും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ആയതിന്റെ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ക്രമ നമ്പർ ii) ലെ 23/179 എന്ന കെട്ടിടമാണ് വാടക രജിസ്റ്ററിൽ വാടകയ്ക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദമായി പരിശോധന നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

### 1-11-5 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - ചട്ടങ്ങൾ പാലിക്കുന്നില്ല

1.1.2005 ലെ സ.ഉ (എം.എസ്) നം 3/2005/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിമുക്ത ഭടൻമാരെയും / വിധവകളെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം അടക്കുന്നതിൽ നിന്നും 2004-05 അർദ്ധവർഷം മുതൽ ഒഴിവാക്കി ഉത്തരവായിരുന്നു. സ.ഉ(കൈ)നം 106/17/ തസ്വഭവ തി. 26.5.17 പ്രകാരം പരിഷ്കരിച്ച ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവ് പ്രകാരമുള്ള ചുവടെ പറയുന്ന കാര്യങ്ങൾ പാലിച്ചിട്ടില്ല.

I) കെട്ടിട നികുതി ഇളവ് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ / സാക്ഷ്യപത്രം ഓരോ വർഷവും മാർച്ച് 31 ന മുമ്പായി തദ്ദേശ സ്വയംഭരണ മേധാവിക്ക് നൽകേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം ഇത്തരത്തിൽ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

ii) കെട്ടിടനികുതി ഇളവിന് അർഹരായ വിമുക്ത ഭടൻമാർക്ക് / വിമുക്ത ഭടൻമാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രേത്യേക രജിസ്റ്റർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. കെട്ടിടനികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഏതെങ്കിലും മാറ്റം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളും യഥാസമയം ഗുണഭോക്താക്കൾ അറിയിക്കേണ്ടതും പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ / പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയാൽ പ്രസ്തുത വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഇളവ് നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദാക്കേണ്ടതും അപ്രകാരം സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ക്രമപ്രകാരം ഈടാക്കേണ്ടതുമാണ്. ഇത്തരത്തിൽ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

iii) അപേക്ഷ ലഭിക്കാതെ തന്നെ ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് വർഷങ്ങളായി നികുതി ഇളവ് നൽകിക്കൊണ്ടിരിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | പേര് | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 4/159 | ചിണ്ടൻ നായർ | 2013-14 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | 4/338 | എ.വി.ഭാസ്കരൻ,<br>കെ. കെ തൊട്ടി | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 5/83 | സി.കെ. കുഞ്ഞമ്പു നായര്, മണിയടുക്കം ഹൌസ്,തെക്കിൽ പി ഒ | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 7/493A | സുജജോണ്, കോച്ചുപറമ്പിൽ,എം സി റോഡ്, തെക്കിൽ പി ഒ | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 10/814B | രാമകൃഷ്ണ എൻ, കുരിക്കോൾഹൗസ് , നെല്ലിയടുക്കം, മൈലാട്ടി പി ഒ | 2018-19 രണ്ടാം അർദ്ധ വർഷം മുതൽ |
| 6 | 10/1062 | കെ.നാരായണൻ, പ്രജോഷ് വില്ല , പൊയ്യ്നാച്ചി, തെക്കിൽ പി ഒ | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 11/595 | സാവിത്രി അമ്മ, ആട്യം, തെക്കിൽ പി ഒ | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 16/412 | കെ.വിജയൻ, ഇന്ദ്രപ്രസ്ഥം, കൊക്കാൽ, ഉദുമ പി ഒ | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |

| | | | |
|---|---|---|---|
| 9 | 16/554 | പി.വി.നാരായണൻ, കൊക്കാൽ, ഉദുമ പി ഒ | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |
| 10 | 18/709 | സി.എച്ച്. ലക്ഷോജി റാവു | 2018-19 ഒന്നാം അർദ്ധ വർഷം മുതൽ |

സഞ്ചയ സോഫ്റ്റ് വെയറിൽ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ തുടർ വർഷത്തേക്കും നികുതി ഡിമാന്റിൽ നിന്നും ഒഴിവാകുകയാണ് ഉണ്ടാകുന്നത്. തുടർ വർഷങ്ങളിൽ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലെങ്കിലും റിവോക്ക് ചെയ്യാതെ വന്നാൽ നികുതിയിൽ നിന്നും ഒഴിവാകുന്നതായി കാണുന്നു. ഇത്തരത്തിൽ അപേക്ഷ ഇല്ലാതെ തന്നെ നികുതിയിൽ നിന്നും ഒഴിവാകുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ നികുതി ഇളവ് നൽകിയത് സംബന്ധിച്ച് കമ്മിറ്റി തീരുമാനവും ലഭ്യമാക്കിയിട്ടില്ല.

അപേക്ഷകൾ സമയബന്ധിതയായി പരിശോധിച്ച് നടപടി സ്വീകരിക്കാത്തതിനാൽ കൃത്യമായും റിവോക്ക് ചെയ്യാതെ ഇളവ് നൽകുന്നതിന് കാരണമാകുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പെർമിറ്റ് - തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപേക്ഷകളിൽ യാതൊരു തീരുമാനവും കൈക്കൊണ്ടതായി കാണുന്നില്ല.

| ക്രമ നമ്പർ | കറണ്ട് നമ്പർ | ക്രമ നമ്പർ | കറണ്ട് നമ്പർ | ക്രമ നമ്പർ | കറണ്ട് നമ്പർ | ക്രമ നമ്പർ | കറണ്ട് നമ്പർ | ക്രമ നമ്പർ | കറണ്ട് നമ്പർ |
|---|---|---|---|---|---|---|---|---|---|
| 1 | 3108/20, 9/6/20 | 11 | 5103/20, 14/9/20 | 21 | 7987/20, 30/11/20 | 31 | 2333/21, 27/1/21 | 41 | 4189/21, 4/3/21 |
| 2 | 3244/20, 15/6/20 | 12 | 5407/20, 22/9/20 | 22 | 8254/20, 9/12/20 | 32 | 2845/21, 8/2/21 | 42 | 4390/21 10/3/21 |
| 3 | 3262/20, 15/6/20 | 13 | 5704/20, 29/9/20 | 23 | 8294/20, 10/12/20 | 33 | 3051/21, 12/2/21 | 43 | 4430/2112/3/21 |
| 4 | 3294/20, 16/6/20 | 14 | 6217/20, 14/10/20 | 24 | 8370/20, 17/12/20 | 34 | 3212/21, 16/2/21 | 44 | 4464/2112/3/21 |
| 5 | 3308/20, 16/6/20 | 15 | 6398/20, 19/10/20 | 25 | 8380/20, 17/12/20 | 35 | 3245/21, 17/2/21 | 45 | 4545/21 16/3/21 |
| 6 | 3380/20, 18/6/20 | 16 | 6640/20, 28/10/20 | 26 | 8464/20, 21/12/20 | 36 | 3480/21 22/2/21 | 46 | 4551/21, 17/3/21 |
| 7 | 3420/20, 19/6/20 | 17 | 6731/20, 28/10/20 | 27 | 8468/20, 21/12/20 | 37 | 3806/21 26/2/21 | 47 | 4615/21, 17/3/21 |
| 8 | 3587/20, | 18 | 6872/20, | 28 | 8480/20, | 38 | 3811/21, | 48 | 4641/21, |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 23/6/20 | | 2/11/20 | | 21/12/20 | | 26/2/21 | | 18/3/21 |
| 9 | 3646/20, 29/6/20 | 19 | 7226/20, 9/11/20 | 29 | 8604/20, 24/12/20 | 39 | 4125/21, 3/3/21 | | |
| 10 | 4250/20, 12/8/20 | 20 | 7284/20, 10/11/20 | 30 | 1473/21, 15/1/21 | 40 | 4161/21, 4/3/21 | | |

മേൽ അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം 02.12.2015 ലെ 12900/ ആർ.എ1/ 2015/ തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 1 സൂചിപ്പിച്ച പ്രകാരം പെർമിറ്റ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും വ്യകതമായും പൂർണമായും രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നാളിതുവരെയും നടപടി സ്വീകരിക്കാത്ത അപേക്ഷകളിൽ തൽസ്ഥിതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഇൗടാക്കാത്തത് മൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ചെമ്മനാട് ഗ്രാമ പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 200436/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഒടുക്കിയ തുക |
|---|---|---|
| 1 | കളനാട് ചോയിച്ചിങ്കൽ തൊട്ടി റോഡ് കോൺക്രീറ്റ് | 4413 |
| 2 | ചാത്തങ്കൈ ശ്മശാനം കിഴക്കെക്കര തറവാട് നടപ്പാത കോൺക്രീറ്റ് | 1984 |
| 3 | യു.പി സ്കൂൾ തെക്കിൽ വെസ്റ്റ് സ്റ്റേജ് നിർമ്മാണം | 1476 |
| 4 | ചെമ്പരിക്ക ഖാസി ടണൽ റോഡ് റീടാറിംഗ് | 2833 |
| 5 | കീഴൂർ മമ്മിഹാജി മഹാത്മഗാന്ധി റോഡ് റീടാറിംഗ് | 2785 |
| 6 | കോളിയടുക്കം അംഗനവാടി നവീകരണം | 2224 |
| 7 | ജി.യു.പി.എസ് ബെണ്ടിച്ചാൽ അറ്റകുറ്റപണി | 1767 |
| 8 | കുഞ്ഞടുക്കം വയലാംകുഴി - മൂല വളപ്പ് റോഡ് നവീകരണം | 4441 |
| 9 | മേൽപറമ്പ് അംഗനവാടി കെട്ടിടം നിർമ്മാണം | 9634 |

| | | |
|---|---|---|
| 10 | കുവത്തൊട്ടി അരമങ്ങാനം കോളനി റോഡ് റീടാറിംഗ് | 7290 |
| 11 | ചട്ടഞ്ചാൽ പൊതു ശൗചാലയവും മത്സ്യ മാർക്കറ്റും നിർമ്മാണം | 8189 |
| 12 | മാക്കോട് വള്ളിയോട് റോഡ് റീടാറിംഗ് | 2860 |
| 13 | ജി.എൽ.പി.എസ് ചാത്തങ്കൈ അറ്റകുറ്റപണി | 870 |
| 14 | ജി.എൽ.പി.എസ് പെരുമ്പള അറ്റകുറ്റപണി | 2226 |
| 15 | മേൽപറമ്പ മിൽ ജംഗ്ഷൻ - മാക്കോട് കുളിക്കുണ്ട് റോഡ് റീടാറിംഗ് | 4014 |
| 16 | പറമ്പ കോലാംകുന്ന് റോഡ് റീടാറിംഗ് | 2437 |
| 17 | കുണ്ടടുക്കം കാലിച്ചാമരം റോഡ് കോൺക്രീറ്റ് | 1781 |
| 18 | ദേളി വനിത യതീംഖാന അരമങ്ങാനം ഉലൂജി റോഡ് കോൺക്രീറ്റ് | 3524 |
| 19 | മേൽപറമ്പ് ജുമാ മസ്ജീദ് വള്ളിയോട് റോഡ് കോൺക്രീറ്റ് | 2062 |
| 20 | കുഞ്ഞടുക്കം ചോലിയോട് കുണ്ട റോഡ് റീടാറിംഗ് | 2230 |
| 21 | പുതിയവളപ്പ് മാണി റോഡ് കോൺക്രീറ്റ് | 892 |
| 22 | തെക്കിൽ വയോജന കേന്ദ്രം പൂർത്തീകരണം | 4803 |
| 23 | കൊവ്വൽ ചോടോത്ത് വളപ്പ് റോഡ് നവീകരണം | 888 |
| 24 | തെക്കിൽ വയോജന കേന്ദ്രത്തിന് ചുറ്റുമതിൽ | 1762 |
| 25 | ചെമ്മനാട് ഈസ്റ്റ് എൽ.പി സ്കൂളിന് കഞ്ഞിപുര നിർമ്മാണം | 3425 |
| 26 | ചട്ടഞ്ചാൽ പി.എച്ച്.സി കെട്ടിടം നവീകരണം | 1785 |
| 27 | തൈര കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മാണം | 1741 |
| 28 | കടപ്പള്ളം കുളിക്കുന്ന് റോഡ് റീടാറിംഗ് | 2191 |
| 29 | ജി.യു.പി.എസ് തെക്കിൽ വെസ്റ്റ് നവീകരണം | 2474 |
| 30 | ചളിയങ്കോട് അംഗനവാടി റോഡ് കോൺക്രീറ്റ് | 1333 |
| 31 | ആച്ചിരവളപ്പ് കുനിക്കുന്ന് റോഡ് കോൺക്രീറ്റ് | 2666 |
| 32 | അമ്പട്ട പാണൂർ മല റോഡ് | 2260 |
| 33 | ചട്ടഞ്ചാൽ കുനിക്കുന്ന് ബെന്താട് റോഡ് റീടാറിംഗ് | 1786 |
| 34 | തൈര വടക്കെപള്ളം റോഡ് റീടാറിംഗ് | 2223 |
| 35 | ബെണ്ടിച്ചാൽ ജി.യു.പി സ്കൂൾ കൊറക്കുന്ന് മൊട്ട റോഡ് റീടാറിംഗ് | 1767 |
| 36 | ജി.എൽ.പി.എസ് ചെമ്മനാട് ഈസ്റ്റ് അറ്റകുറ്റപണി | 3123 |
| 37 | തെക്കിൽ പള്ളിക്കര കുനിക്കുന്ന് റോഡ് റീടാറിംഗ് | 2984 |
| 38 | മാക്കോട് അംഗനവാടി ഉളികൻ ദേവസ്ഥാനം ഓവുചാൽ നിർമ്മാണം | 2901 |
| 39 | അണിഞ്ഞ അംഗനവാടി അറ്റകുറ്റപണി | 1320 |
| 40 | മേൽപറമ്പ് പമ്പ് ഹൗസ് റോഡ് പുനരുദ്ധാരണം | 2455 |
| 41 | ദേളി കുന്നപ്പാറ അംഗനവാടി നവീകരണം | 1189 |
| 42 | നടക്കാൽ വിഷ്ണു അമ്പലം റോഡ് കോൺക്രീറ്റ് | 2223 |
| 43 | ചേക്കരംകോട് കുന്നിൽ റോഡ് പുനരുദ്ധാരണം | 884 |
| 44 | ചാത്തങ്കൈ അംഗനവാടി നവീകരണം | 1688 |
| 45 | ബെണ്ടിച്ചാൽ മൊട്ട അംഗനവാടി നവീകരണം | 1682 |
| 46 | മാഹിനാബാദ് ക്രോസ് റോഡ് കോൺക്രീറ്റ് | 3484 |
| 47 | കോളിയടുക്കം വയോജന കേന്ദ്രം നിർമ്മാണം | 4622 |
| 48 | ചട്ടംഞ്ചാൽ മില്ല് കാവുംപള്ളം റോഡ് റീടാറിംഗ് | 1331 |
| 49 | പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപണി | 8083 |
| 50 | റേഷൻഷോപ്പ് കൊവ്വൽ റോഡ് കോൺക്രീറ്റ് | 1785 |
| 51 | പഞ്ചായത്ത ഓഫീസ് പരിസരത്ത് ശൗചാലയം നിർമ്മാണം | 6421 |
| 52 | ഒറവുങ്കര ബി.സി റോഡ് കോൺക്രീറ്റ് & കവറിംഗ് സ്ലാബ് | 1865 |
| 53 | കീഴൂർ കല്ലട്ട മാഹിൻ റെയിൽവെ റോഡ് കോൺക്രീറ്റ് | 3123 |
| 54 | പി.ബി റോഡ് നവീകരണം | 1674 |

| | | |
|---|---|---|
| 55 | ദേളി തായത്തൊടി കണ്ണോത്ത് റോഡ് റീടാറിംഗ് | 2413 |
| 56 | ചന്ദ്രഗിരി മീത്തൽ തറവാട് റോഡ് കോൺക്രീറ്റ് | 1751 |
| 57 | കോളിയടുക്കം വയോജന കേന്ദ്രം നിർമ്മാണം | 5268 |
| 58 | പള്ളത്തുങ്കാൽ അംഗൻവാടിക്ക് ശുചിമുറി നിർമ്മാണം | 1270 |
| 59 | ലേസ്യത്ത് മുണ്ടാങ്കുളം നടപ്പാത പുനരുദ്ധാരണം | 1330 |
| 60 | പുത്തരിയടുക്കം എസ്.സി കമ്മ്യൂണിറ്റി ഹാൾ നവീകരണം | 1434 |
| 61 | ബെണ്ടിച്ചാൽ കനിയംകുണ്ട് റോഡ് നവീകരണം | 4015 |
| 62 | തലക്ലായി ഷോപ്പിംഗ് കോംപ്ലക്സ് അറ്റകുറ്റപണികൾ | 3252 |
| 63 | ബേനൂർ കക്കണ്ടം റോഡ് റീടാറിംഗ് | 2671 |
| 64 | മാനുമൂല തൈവളപ്പ് റോഡ് പുനരുദ്ധാരണം | 1782 |
| 65 | പാക്കണ്ടം കോളിയോട് പുഴക്കര റോഡ് റീടാറിംഗ് | 1785 |
| 66 | നെച്ചിപ്പടുപ്പ് ലേസ്യത്ത് പള്ളി റോഡ് റീടാറിംഗ് | 3389 |
| 67 | ചിറവാതുക്കൽ ചെല്ലുഞ്ഞി നടപ്പാത നിർമ്മാണം | 1783 |
| 68 | എയ്യള വാട്ടർ ടാങ്ക് നടപ്പാത നിർമ്മാണം | 1501 |
| 69 | ജുമാമസ്ജിദ് - റയിൽവേ സ്റ്റേഷൻ റോഡ് കോൺക്രീറ്റ് | 1835 |
| 70 | കീഴൂർ മമ്മിഹാജി - മഹാത്മാഗാന്ധി റോഡ് റീടാറിംഗ് | 473 |
| 71 | പുത്തരിയടുക്കം മണ്യം റോഡ് റീടാറിംഗ് | 3003 |
| 72 | ജി.എൽ.പി സ്കൂൾ തെക്കിൽ ഈസ്റ്റ് നവീകരണം | 393 |
| 73 | ദേളി കുന്നുപാറ അംഗനവാടി റോഡ് ടാറിംഗ് | 1783 |
| 74 | അണിഞ്ഞ മൂശാരിവളപ്പ് റോഡ് ടാറിംഗ് | 2673 |
| 75 | തലക്ലായി ചെട്ടുംകുഴി റോഡ് ടാറിംഗ് | 2573 |
| 76 | പന്നിക്കൽ അംഗനവാടി നവീകരണം | 186 |
| | ആകെ തുക | 200436 |

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 2004/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-14 കടമുറി വാടകയ്ക്ക് നൽകൽ- കരാർ ഉടമ്പടിയിൽ അപാകത

A) ചുവടെ പറയുന്നവരുടെ അപേക്ഷ, കരാർ ഉടമ്പടി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | റൂം നമ്പർ | പേര് |
|---|---|---|
| 1 | 23/329 | നവോദയ ആർട്സ് & സ്പോർട്സ് ക്ലബ് |
| 2 | 23/330 | രാധാകൃഷ്ണൻ |
| 3 | 23/336 | എം.രാധാകൃഷ്ണൻ നമ്പ്യാർ |
| 4 | 23/338 | റ്റി. സുരേഷ് |
| 5 | 23/343 | പാട്ടിയമ്മ |
| 6 | 5/209A | ഒരുമ ക്യാന്റീൻ |

B) കരാറിൽ രേഖപ്പെടുത്തിയിരിക്കുന്ന കടമുറി നമ്പരും യഥാർത്ഥ(രജിസ്റ്ററിലെ) നമ്പരുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റൂം നമ്പർ | കരാറിൽ രേഖപ്പെടുത്തിയിട്ടുള്ള റൂം നമ്പർ |
|---|---|---|
| 1 | 5/195 | 5-496A |
| 2 | 5/196 | 5-496B |
| 3 | 5/197 | 5/496 |
| 4 | 5/202 | 5/205 |
| 5 | 4/568 | 3/568 |
| 6 | 23/179 | 8/179 |

C) കരാർ ഉടമ്പടിയിൽ മുറി ലേലം കൊണ്ടയാൾ രണ്ടാം കക്ഷിയായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ എല്ലാ ബാധ്യതകളും രണ്ടാം കക്ഷിക്ക് നൽകുന്നതിനു പകരമായി ഒന്നാം കക്ഷിയിലാണ് ( ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) നിക്ഷിപ്തമാക്കിയിട്ടുള്ളത്.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/15.11.2021 ന് ക്രമ നമ്പർ A) ഉൾപ്പെട്ട കരാറുകാർ കുറേ വർഷങ്ങളായി കരാർ പുതുക്കുന്നതിനാൽ അപേക്ഷയും കരാർ പത്രവും കൂടാതെ തന്നെ വാടക പുതുക്കി നൽകുകയാണെന്നാണ് മറുപടി ലഭിച്ചത്. ഈ നടപടി അംഗീകരിക്കാവുന്നതല്ല. പുതുക്കുന്നതിനായി കൃത്യമായും അപേക്ഷകൾ വാങ്ങുകയും കരാർ ഉടമ്പടിയിൽ നിർബന്ധമായും ഏർപ്പെടേണ്ടതുമാണ്.

ക്രമ നമ്പർ B) ലെ 5/195,5/196,5/197 എന്നീ കെട്ടിടങ്ങളുടെ പഴയ നമ്പരാണ് കരാറിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും 5/202, 4/568 എന്നീ കടമുറികളുടെ കരാറിൽ നൽകിയിട്ടുള്ള നമ്പർ തെറ്റാണെന്നും 9/179 എന്ന നമ്പറിനു പകരം 23/179 എന്ന നമ്പർ തെറ്റായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ കരാറിൽ തെറ്റായ നമ്പറായ 8/179 എന്ന് രേഖപ്പെടുത്തിയിരിക്കുന്നുവെന്നുമാണ് മറുപടി ലഭിച്ചത്. കൂടാതെ കരാറിലെല്ലാം ഗ്രാമപഞ്ചായത്ത്

സെക്രട്ടറിക്കാണ് വാടക ഒടുക്കുന്നതിനും തുടർന്നുള്ള ബാധ്യതകളും നിക്ഷിപ്തമാക്കിയിട്ടുള്ളത്. കരാർ ചമക്കുന്നതിൽ ഉദ്യാഗസ്ഥ തലത്തിൽ യാതൊരു നിരീക്ഷണവും നടത്തുന്നില്ലെന്നും ഒരു കരാറുപോലും വ്യക്തമായി പരിശോധിക്കാതെ പുതുക്കിനൽകുന്നുവെന്നും അപേക്ഷയും കരാറും ഇല്ലാതെ തന്നെ തുടരുന്നതിന് അനുമതി ലഭിക്കുന്നുവെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു. ആയതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരീക്ഷണവും ഇടപെടലും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-15 ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നം.0005/2020-21

അടങ്കൽ

1.14,55,800/-രൂപ - പ്ലാൻ ജനറൽ - ചെലവ് - 14,55,800/-രൂപ

2.6,00,000/-രൂപ - ബ്ലോക്ക് ഷെയർ - ചെലവ് - 6,00,000/- രൂപ

3.6,00,000/-രൂപ - ജില്ലാ പഞ്ചായത്ത് - ചെലവ് - 6,00,000/- രൂപ

ആകെ അടങ്കൽ - 26,55,800/- രൂപ

ആകെ ചെലവ് - 26,55,800/- രൂപ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി – ധനസഹായം – അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ. (കൈ)നം.22/2018/ തസ്വഭവ, തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സഹായങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്നവർക്ക് മിനിമം 5300/- രൂപയും മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതി വർഷം 28500/- രൂപയ്ക്ക് വരെയും അർഹതയുണ്ട്.

ഈ മേഖലയെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് ഇല്ലാത്തതിനാൽ എത്ര പേർ പഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരായി ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. 2019-20 വർഷം 137 ഗുണഭോക്താക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥ മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധന സഹായം നൽകിയത്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മാത്രം പരമാവധി ഒരുവർഷം 28,500/- രൂപ നിരക്കിൽ ആകെ 39,90,000/- രൂപ സ്കോളർഷിപ്പിന് അർഹതയുണ്ട് എന്നിരിക്കെയാണ് 140 ഗുണഭോക്താക്കൾ വേണ്ടി 26,55,800/- രൂപ മാത്രം അടങ്കലായി പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയത്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ മേഖലയെ സംബന്ധിച്ച കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയത് പ്രകാരം ഭിന്നശേഷിയിൽപ്പെട്ട അർഹരായവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകാൻ കഴിയുന്ന മുഴുവൻ സഹായങ്ങൾക്കും ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ട നികുതികൾ കുറവ് ചെയ്തില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് &സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customsന്റെ 13.9.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം.65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ മെറ്റീരിയൽ പർച്ചേസ് ഇനത്തിൽ 2,50,000/-രൂപ അധികരിക്കുന്ന പേമെന്റുകൾ നടത്തിയപ്പോൾ 2% ജി.എസ്.ടി കിഴിവ് നടത്തിയതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ അധികരിക്കുന്ന പേമെന്റ് കരാറുകാരന് നൽകുമ്പോൾ 1% തുക (സ്ഥാപനം -2%) സ്രോതസ്സിൽ നിന്നും ആദായനികുതി ഇനത്തിൽ കിഴിവ് നടത്തി ഒടുക്കേണ്ടതുണ്ട്.

ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ മെറ്റീരിയൽ പർച്ചേസിന് ജി.എസ്.ടി., ആദായനികുതി ഇനത്തിൽ ഈടാക്കേണ്ട തുകകൾ സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മെറ്റീരിയൽ പർച്ചേസ് തുക | FTO നം./ തിയ്യതി | കരാറുകാരന്റെ പേര് | ഈടാക്കേണ്ട ജി.എസ്.ടി. @2% | ഈടാക്കേണ്ട ആദായനികുതി @ 1% |
|---|---|---|---|---|---|---|
| 1 | നെച്ചിപ്പടുപ്പ് ചള്ളക്കൈ റോഡ് കോൺക്രീറ്റ് | 353082/- | 371321/ 16.10.20 | മുഹമ്മദ് സിറാജുദ്ദീൻ | 7062/- | 3531/- |
| 2 | കുന്നറ പള്ളത്തുങ്കൽ ക്രോസ്സ് റോഡ് കോൺക്രീറ്റ് | 359251/- | 708565/ 2.2.21 | മുഹമ്മദ് സിറാജുദ്ദീൻ | 7185/- | 3593/- |
| 3 | കുക്കൾ ചേടിക്കുന്ന് റോഡ് കോൺക്രീറ്റ് | 353082/- | 476983/ 23.11.20 | മുഹമ്മദ് സിറാജുദ്ദീൻ | 7062/- | 3531/- |
| 4 | കളനാട് പുല്ലന്തൊട്ടി | 342208/- | 476810/ 23.11.20 | മുഹമ്മദ് സിറാജുദ്ദീൻ | 6844/- | 3422/- |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റ് | | | | | |
| 5 | 55മൈൽ കനിയടുക്കം റോഡ് കോൺക്രീറ്റ് | 312815/- | 834538/ 8.3.21 | മുഹമ്മദ് സിറാജുദ്ദീൻ | 6256/- | 3128/- |
| 6 | നമ്പാടിപ്പള്ളം ആടിയം റോഡ് കോൺക്രീറ്റ് | 378382/- | 378228/ 17.10.20 | മുഹമ്മദ് സിറാജുദ്ദീൻ | 7568/- | 3784/- |
| 7 | കോനോത്ത് മൂല നഞ്ചിൽ റോഡ് കോൺക്രീറ്റ് | 411528/- | 372980/ 17.10.20 | മുഹമ്മദ് സിറാജുദ്ദീൻ | 8231/- | 4115/- |
| 8 | കാരത്തൊട്ടി മസ്ജിദ് റോഡ് കോൺക്രീറ്റ് | 292443/- | 810631/ 3.3.2021 | മുഹമ്മദ് സിറാജുദ്ദീൻ | 5849/- | 2924/- |
| 9 | വണ്ണിയാർമൂല മൂവാരിത്തൊട്ടി റോഡ് കോൺക്രീറ്റ് | 326891/- | 411301/ 31.10.20 | മുഹമ്മദ് സിറാജുദ്ദീൻ | 6538/- | 3269/- |
| 10 | അമട്ട പാന്തൂർമൂല റോഡ് കോൺക്രീറ്റ് | 388323/- | 810078/ 3.3.21 | മുഹമ്മദ് സിറാജുദ്ദീൻ | 7766/- | 3883/- |
| 11 | 55മൈൽ തെക്കിൽപരമ റോഡ് കോൺക്രീറ്റ് | 251410/- | 713909/ 3.2.21 | മുഹമ്മദ് സിറാജുദ്ദീൻ | 5028/- | 2514/- |
| 12 | തെക്കിൽപറമ്പ വൈനവളപ്പ് റോഡ് കോൺക്രീറ്റ് | 350876/- | 715359/ 3.2.21 | മുഹമ്മദ് സിറാജുദ്ദീൻ | 7018/- | 3509/- |
| 13 | കുണ്ടടുക്കം കാലിച്ചാമരം റോഡ് കോൺക്രീറ്റ് | 378674/- | 411931/ 31.10.20 | മുഹമ്മദ് സിറാജുദ്ദീൻ | 7573/- | 3787/- |

| | | | | | | |
|---|---|---|---|---|---|---|
| 14 | കളനാട് വാഴവളപ്പ് റോഡ് കോൺക്രീറ്റ് | 284450/- | 969441/ 30.3.21 | മുഹമ്മദ് സിറാജ്ജുദ്ദീൻ | 5689/- | 2845/- |
| 15 | പള്ളത്തുങ്കൽ പണിക്കൽ അംഗനവാടി റോഡ് കോൺക്രീറ്റ് | 378674/- | 711070/ 2.2.21 | മുഹമ്മദ് സിറാജ്ജുദ്ദീൻ | 7573/- | 3787/- |
| | | | | ആകെ | 1,03,242/- | 51,622/- |

ജി.എസ്.ടി, ആദായനികുതി ഇനത്തിൽ ഈടാക്കേണ്ട ആകെ 1,54,864/- രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം.16/22.11.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹജരാക്കിയില്ല.

ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പുകൾ

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു. പദ്ധതി പ്രകാരം , വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിന് കെൽട്രോണിൽ നിന്നും 7 ലാപ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. 18% ടാക്സ് ഉൾപ്പെടെ ഒരു ലാപ് ടോപ്പിന്റെ വില 29,567/- രൂപയാണ് ( 7*29567 = 2,06,969 ) . എന്നാൽ വിദ്യാർത്ഥികൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ഇതിനു മുമ്പ് സൗജന്യ ലാപ് ടോപ്പ് ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ | | |
| പ്രോജക്ട് നം. | 0380 / 2020-21 | | |
| പ്രോജക്ട് | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് | | |
| അടങ്കൽ | 2,10,000 രൂപ | | |
| ഫണ്ട് ഇനം | വികസനഫണ്ട് (എസ്.സി. പി. ) | | |
| തുക നൽകിയത് | കെൽട്രോൺ , തിരുവനന്തപുരം ( അക്കൗണ്ട് നമ്പർ - 1062232456 ) | | |
| ചെലവ് തുക | തുക | ബിൽ നമ്പർ | തിയ്യതി |
| | 2,06,969 രൂപ | 2/2020-21 | 30.03.2021 |
| ആകെ | 2,06,969 രൂപ | | |

സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുകയായ 2,06,969/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് എൻക്വയറി നമ്പർ :09/2020-21 തിയ്യതി : 17.11.2021 )

**1-18 തുല്യതാ പരീക്ഷ ഫീസിനത്തിൽ അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.**

ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ തുല്യതാ പരീക്ഷയുടെ ഫീസിനത്തിൽ 1,98,400/- രൂപ (തനതുഫണ്ട്) അക്കൌണ്ടിൽ നിന്നും പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ 720071400000651) . എന്നാൽ തുക പൂർണ്ണമായും പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടില്ല. ചെലവ് സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു .

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ | | |
| പ്രോജക്ട് നം. | 0375 / 2020-21 | | |
| പ്രോജക്ട് | തുല്യതാ പരീക്ഷ | | |
| അടങ്കൽ | 2,10,000 രൂപ | | |
| ഫണ്ട് ഇനം | തനതുഫണ്ട് | | |
| തുക നൽകിയത് | ഡയറക്ടർ , സംസ്ഥാന സാക്ഷരതാ മിഷൻ | | |
| ചെലവ് തുക | തുക | ചെക്ക്നമ്പർ/ തിയ്യതി | അക്കൗണ്ട് നമ്പർ |
| | 39,600രൂപ | 3158001/10.11.2021 | 02880100113107 |

| | | | |
|---|---|---|---|
| | 53,650രൂപ | 1278500/10.11.2021 | 57026996123 |
| | 70,000രൂപ | 1278499/10.11.2021 | 02880100113107 |
| ആകെ | 1,63,250 രൂപ | | |

തനതു ഫണ്ടിൽ നിന്നും 1,98,400/- രൂപ പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 720071400000651) നിക്ഷേപിച്ചിട്ടുണ്ട്. ട്രഷറിയിൽ നിക്ഷേപിച്ച തുകയിൽ നിന്നും തുല്യതാ പരീക്ഷയിനത്തിൽ ആകെ ചെലവായ തുക 1,63,250/- രൂപ മാത്രമാണ്. തുല്യതാ പരീക്ഷാ ഫീസിനത്തിൽ പിൻവലിച്ച തുകയിൽ 35,150/- രൂപ ട്രഷറിയിൽ ബാലൻസ് ഇനത്തിലുണ്ട്. തുക പൂർണ്ണമായും ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നമ്പർ : 10/2020-21 തിയ്യതി : 17.11.2021 )

1-19 ടെണ്ടർ , പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ചട്ടഞ്ചാൽ പി.എച്ച്.സി.യിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ പ്രകാരം, കുറഞ്ഞ വില ക്വാട്ട് ചെയ്ത, ലീഡ്സ് കെമിക്കൽസ് എന്ന സ്ഥാപനമാണ് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത് . ലഭ്യമായ ഉപകരണങ്ങൾ ,പി.എച്ച്.സി.യുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 149 ൽ 31,440/- രൂപയുടെ 14 ലാബ് ഇനങ്ങളും , സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 147 ൽ 68,560/- രൂപയുടെ 25 ലാബ് ഇനങ്ങളും ചേർത്തിട്ടുണ്ട് ( 31,440 +68,560 = 1,00,000 രൂപ). എന്നാൽ ടെണ്ടർ നടപടികൾ , പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ | | |
| പ്രോജക്ട് നം. | 0108/2020-21 | | |
| പ്രോജക്ടിന്റെ പേര് | ലാബ് റീഏജൻറ്സ് വാങ്ങൽ | | |
| അടങ്കൽ | 1,00,000/- രൂപ | | |
| ഫണ്ട് ഇനം | തനതു ഫണ്ട് | | |
| തുക നൽകിയത് | ലീഡ്സ് കെമിക്കൽസ് ( LEADS CHEMICALS ) (അക്കൌണ്ട് നമ്പർ - 4259001600000018 ) | | |
| ചെലവ് | തുക | വൗച്ചർ നമ്പർ | തിയ്യതി |
| | 68,560 രൂപ | 22000422 | 29.09.2020 |

| | | | |
|---|---|---|---|
| | 31,440 രൂപ | 22000572 | 19.10.2020 |
| ആകെ | 1,00,000 രൂപ | | |

പി.എച്ച്.സി.യിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള ടെണ്ടർ നടപടികൾ, പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ :08/2020-21 തിയ്യതി : 16.11.2021 )

1-20 ചട്ടഞ്ചാൽ പി.എച്ച്.സി നവീകരണം- പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.0388/2020-21

അടങ്കൽ - 25,00,000/-രൂപ – തനത് ഫണ്ട്

ചെലവ് - 25,00,000/-രൂപ

വൗച്ചർ നം.22000577/23.10.2020 - 25,00,000/-രൂപ

കാസറഗോഡ് വികസന പാക്കേജ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചട്ടഞ്ചാൽ പ്രാഥമിക ആരോഗ്യ കേന്ദ്രം നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറാനാണ് ഈ പദ്ധതി. കത്ത് നം.425/ 2020/ KSD/KDP (529)/ തിയ്യതി 9.7.2020 പ്രകാരം സ്പെഷ്യൽ ഓഫീസർ/ ഗവ.അഡീഷണൽ സെക്രട്ടറി, കാസറഗോഡ് വികസന പാക്കേജ് ഗ്രാമ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 173 ലക്ഷവും അതിൽ ഗ്രാമ പഞ്ചായത്ത് വിഹിതം 25 ലക്ഷവുമാണെന്ന് കത്തിൽ പറഞ്ഞിട്ടുണ്ട്. തുക പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സി.എഞ്ചിനീയർക്ക് കൈമാറാനും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു.ജില്ലാ കളക്ടറും ഇതേ ആവശ്യം ഉന്നയിച്ച് 26.8.2020 ൽ കത്ത് നൽകിയിരുന്നു. മേൽ വൗച്ചർ നം. പ്രകാരം 25 ലക്ഷം രൂപ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ 8443-00-108-00-00 PW-Deposit എന്ന ഹെഡിൽ നിക്ഷേപിച്ചു. ഈ പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദ വിവരങ്ങൾ, ഗ്രാമ പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.15/ 22.11.2021 പ്രകാരം അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 25,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-21 കോവിഡ്-19 പ്രതിരോധ അനുബന്ധ പ്രവർത്തനങ്ങൾ പദ്ധതി -അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.0384/2020-21

അടങ്കൽ - 10,00,000/-രൂപ – തനത് ഫണ്ട്

ചെലവ് - 1,84,924/-രൂപ

1. വൗച്ചർ നം.22000377/22.9.2020 – 27435/-രൂപ

2.വൗച്ചർ നം.22000609/5.11.2020 – 81153/-രൂപ

3. വൗച്ചർ നം.22000810/19.1.2021– 76336/-രൂപ

കോവിഡ്-19 പ്രതിരോധ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ഈ പദ്ധതി രൂപീകരിച്ചത്.

ഈ പദ്ധതിക്കായി അണുനശീകരണ സ്പ്രേ മെഷീൻ റെയ്ഡ്കോ കാസറഗോഡിൽ നിന്നും വാങ്ങി. ഇൻവോയ്സ് നം.KSD/256/2020-21/ തിയ്യതി 16.7.2020, തുക 27435/- രൂപ. തുക ബിൽ പ്രകാരം റെയ്ഡ്കോക്ക് കൈമാറി. (അക്കൗണ്ട് നം.15001100140020). ബാക്കി 1,57,489/- രൂപ മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യ കേന്ദ്രം ചട്ടഞ്ചാലിന് കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് ഉപയോഗിക്കുന്ന വാഹനത്തിന്റെ വാടക ഇനത്തിൽ നൽകിയതാണ്.

നോട്ട് ഫയലിൽ 5.11.2020 ൽ സെക്രട്ടറി അംഗീകരിച്ചത് പ്രകാരം 2020 സെപ്തംബർ മാസം 41633/- രൂപയും 2020 ഓക്ടോബർ മാസം 39520/- രൂപയും ചേർത്ത് ആകെ 81153/- രൂപ ശ്രീ.രാഘവൻ.ടി (വാഹനം നം. KL-14-H-7675) എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. അക്കൗണ്ട് നം. 40473100008420/ കേരളാ ഗ്രാമീൺ ബാങ്ക്. മെഡിക്കൽ ഓഫീസർ സമർപ്പിച്ച ട്രിപ്പ് ഷീറ്റ് പ്രകാരം വിശദവിവരം താഴെ ചേർക്കുന്നു.

1.സെപ്തംബർ 2020- ആകെ കി.മീ. - 2449 X 17/കി.മീ - 41633/-രൂപ

2.ഒക്ടോബർ 2020 – ആകെ കി.മീ. - 2095.

അതിൽ ആദ്യത്തെ 1000കി.മീ -X22 – 22000/- രൂപ

ബാക്കി 1095 കി.മീ. X16 - 17520/-രൂപ

ആകെ - 81153/-രൂപ

പിന്നീട് നവംബർ 2020 മാസത്തെ വാഹന വാടക 37376/- രൂപയും ഡിസംബർ 2020 മാസത്തെ വാടക 38960/- രൂപയും ചേർത്ത് ആകെ 76336/- രൂപ ശ്രീ.രാഘവൻ.ടി (വാഹനം നം. KL-14-H-7675) എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. ( അക്കൗണ്ട് നം. 40473100008420/ കേരളാ ഗ്രാമീൺ ബാങ്ക്). മെഡിക്കൽ ഓഫീസർ സമർപ്പിച്ച ട്രിപ്പ് ഷീറ്റ് പ്രകാരം വിശദവിവരം താഴെ ചേർക്കുന്നു.

1.നവംബർ 2020 – ആകെ കി.മീ. - 1961.

അതിൽ ആദ്യത്തെ 1000കി.മീ -X22 – 22000/-രൂപ

ബാക്കി 961 കി.മീ. X16 - 15376/-രൂപ

2.ഡിസംബർ 2020 – ആകെ കി.മീ. -2060

അതിൽ ആദ്യത്തെ 1000കി.മീ -X22 – 22000/-രൂപ

ബാക്കി 1060കി.മീ X16 -16320/-രൂപ

ആകെ - 76336/-രൂപ

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.മെഡിക്കൽ ഓഫീസർ പി.എച്ച്.സി ചട്ടഞ്ചാൽ വാഹനം വാടകയ്ക്ക് എടുത്തതിന്റെ വിശദവിവരങ്ങൾ (ക്വട്ടേഷൻ ഉൾപ്പെടെ ഫയൽ) ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.വാഹനം വാടകയ്ക്ക് എടുത്തത് നടപടി ക്രമങ്ങൾക്ക് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.തുക നൽകിയതിൽ സെപ്തംബർ 2020 മാസത്തിൽ കിലോമീറ്ററിന് 17/-രൂപ നിരക്കിലാണ് ചാർജ്ജ് ഈടാക്കിയിട്ടുള്ളത്, പിന്നീട് 2020 ഓക്ടോബർ, നവമ്പർ, ഡിസംബർ മാസങ്ങളിൽ ആദ്യത്തെ 1000 കിലോമീറ്ററിന് 22/-രൂപ നിരക്കിലും പിന്നീടുള്ള കിലോമീറ്ററുകൾക്ക് 16/- രൂപ നിരക്കിലുമാണ് ചാർജ്ജ് ഈടാക്കിയിരിക്കുന്നത്. ഇങ്ങനെ ഒരേ പ്രവൃത്തിക്ക് രണ്ട് രീതിയിൽ ചാർജ്ജ് ഈടാക്കിയതിന് ശരിയായ നടപടി അല്ല, ഇതിന് ഭരണസമിതി തീരുമാനം ഉണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്. രണ്ട്

രീതിയിൽ ചാർജ്ജ് ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

4.മെഡിക്കൽ ഓഫീസർ പി.എച്ച്.സി ചട്ടഞ്ചാൽ സമർപ്പിച്ച ട്രിപ്പ് ഷീറ്റുകളിൽ ഓരോ ദിവസത്തെ യാത്രയുടെയും വിവരങ്ങൾ തിയ്യതി, കിലോമീറ്റർ എന്നിങ്ങനെ കൃത്യമായി രേഖപ്പെടുത്താതെ ഒന്നിച്ചാണ് രേഖപ്പെടുത്തിയത്. കൂടാതെ ട്രിപ്പ് ഷീറ്റുകൾ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃത്യമായി വിശദവിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കിയ, സാക്ഷ്യപ്പെടുത്താതെ സമർപ്പിച്ച ട്രിപ്പ് ഷീറ്റ് അടിസ്ഥാനമാക്കി തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇക്കാര്യം സെക്രട്ടറി നോട്ട് ഫയലിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുമുണ്ട്. അപാകതകൾ ഓഡിറ്റ് എൻക്വയറി നം.19/22.11.2021 പ്രകാരം അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

1-22 തൊഴിൽ നികുതി ക്രമ പ്രകാരം ഈടാക്കിയിട്ടില്ല.

I) 2019-20 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ നികുതി ഒടുക്കിയിട്ടില്ല.

A) വന്ദന ഫുവൽസ്

B) കോവൽ സാമിൽ

C) ചന്ദ്രഗിരി ശ്രീ ശാസ്താ ക്ഷേത്രം

D) മാവേലി സ്റ്റോർ

Ii) 2020-21 ഒന്നാം അർദ്ധവർഷം എച്ച്.എൻ.സി ഹോസ്പിറ്റലിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

Iii) 2020-21 രണ്ടാം അർദ്ധവർഷം ചെമ്മനാട് ജമാഅത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

Iv) 2020-21 ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ കെ.എസ്.ഇ.ബി യിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

V) 2020-21 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയുന്ന പ്രകാരം കുറവുണ്ട്.

| ജീവനക്കാരന്റെപേര് / സ്ഥാപനം | പത്രിക പ്രകാരം അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|
| ഡോ.മോനിന അഷ്മീൻ അബ്ദുള്ള (സെഞ്ച്വറി ദന്തൽ കോളേജ്) | 35000 | 300 | 180 | 120 |

Vi) 2020-21 രണ്ടാം അർദ്ധവർഷം സെഞ്ച്വറി ദന്തൽ കോളേജ് സമർപ്പിച്ചിട്ടുള്ള പത്രികയിൽ ചുവടെ പറയുന്ന ജീവനക്കാരന്റെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി ഈടാക്കുകയോ, ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല.

| ജീവനക്കാരിയുടെ പേര് | പത്രിക പ്രകാരം അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി |
|---|---|---|
| ഡോ.റിഷാഫാത്തിമ | 16000 | 120 |

| | | | |
|---|---|---|---|
| കെ.എ | | | |

തൊഴിൽ നികുതി കൃത്യമായും ഈടാക്കാത്തതുമൂലം പഞ്ചായത്തിന ലഭിക്കേണ്ടതായ വരവിൽ കുറവുണ്ടാകുന്ന സ്ഥിതിയാണുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. ഈടാക്കിയതിൽ കുറവുണ്ടായതുക / ഈടാക്കാത്ത തുക ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ - ചട്ടങ്ങൾ പാലിക്കുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിന മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്.

2020-21 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ 650/- രൂപ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ ഒന്നും തന്നെ കൈക്കൊണ്ടിട്ടില്ല.

മേൽ വിഷയത്തിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/17.11.2021 ന് പ്രത്യക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലെന്നും രജിസ്ട്രേഷന് സംബന്ധിച്ച ഭാഗികമായ രേഖപ്പെടുത്തലുകൾ FTE&OS രജിസ്റ്ററിൽ ചെയ്തിട്ടുണ്ട് എന്നാണ് മറുപടി ലഭിച്ചത്.

ചട്ടങ്ങൾക്കു വിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ കൈക്കൊണ്ട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-24 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തിട്ടില്ല.

പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സേവന സോഫ്റ്റ് വെയർ , മരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മരണപ്പെട്ട വ്യക്തികളുടെ ആനുകൂല്യം സസ്പെന്റ് ചെയ്തിട്ടില്ലാത്തതിനാൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പേരിൽ മരണശേഷവും പെൻഷൻ തുക വരവ് വന്നിട്ടുണ്ട് .

| ക്രമ | ഗുണഭോക്താവിന്റെ | പെൻഷൻ | പെൻഷണർ | മരണ | മരണ ശേഷം | ആകെ |
|---|---|---|---|---|---|---|

| നമ്പർ | പേര് | ഇനം | ഐ.ഡി. | തീയതി | തുക നൽകിയ കാലയളവ് | തുക |
|---|---|---|---|---|---|---|
| 1 | അബ്ദുൾ കാദർ | വാർദ്ധക്യ കാല പെൻഷൻ | 111920203152 | 6/1/2020 | 2/2020 മുതൽ 4/2020 വരെ | 3700 (2x1200, 1x1300) |
| 2 | നാരായണൻ മണിയാണി | വാർദ്ധക്യ കാല പെൻഷൻ | 111920200517 | 4/01/2020 | 2/2020 മുതൽ 10/2021 വരെ | 32200 (14x1500, 7x1600) |
| 3 | അബൂബക്കർ | വാർദ്ധക്യ കാല പെൻഷൻ | 111920203290 | 4/2/2020 | 3/2020 മുതൽ 4/2020 വരെ | 2500 (1x1200, 1x1300) |
| 4 | അബൂബക്കർ | വാർദ്ധക്യ കാല പെൻഷൻ | 111920200813 | 14/2/2020 | 3/2020 മുതൽ 8/2020 വരെ | 7700 (1x1200, 5x1300) |
| 5 | അബ്ദുൾ റസാക്ക്.എ | വാർദ്ധക്യ കാല പെൻഷൻ | 111920203149 | 3/3/2020 | 4/2020 മുതൽ 8/2020 വരെ | 6500 (5x1300) |
| 6 | കുമാരൻ.പി.എം | വാർദ്ധക്യ കാല പെൻഷൻ | 111920202363 | 1/5/2020 | 6/2020 മുതൽ 10/2021 വരെ | 25200 (3x1300, 4x1400, 3x1500, 7x1600) |
| 7 | ബീഫാത്തിമ.ഇ.ബി | വാർദ്ധക്യ കാല പെൻഷൻ | 111920203309 | 18/3/2020 | 4/2020 മുതൽ 9/2020 വരെ | 7900 (5x1300, 1x1400) |
| 8 | ആമിന.എം | വിധവ പെൻഷൻ | 111920601567 | 18/3/2020 | 4/2020 മുതൽ 10/2021 വരെ | 27800 (5x1300, 4x1400, 3x1500, 7x1600) |
| 9 | ബീഫാത്തിമ | വാർദ്ധക്യ കാല പെൻഷൻ | 111920202406 | 28/6/2020 | 7/2020 മുതൽ 10/2021 വരെ | 21560 (2x1300, 4x1400, |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 3x1500, 7x1600) |
| 10 | അബ്ബാസ്.കെ.എം | ഡിസബിലിറ്റി പെൻഷൻ | 111920400419 | 17/7/2020 | 8/2020 | 1300 |
| 11 | മാഹിൻ.പി.കെ | വാർദ്ധക്യ കാല പെൻഷൻ | 111920201858 | 26/8/2020 | 9/2020 മുതൽ 6/2021 വരെ | 14900 (4x1400, 3x1500, 3x1600) |
| 12 | നബീസ | വിധവ പെൻഷൻ | 111920600860 | 12/9/2020 | 10/2020 മുതൽ 10/2021 വരെ | 19900 (3x1400, 3x1500, 7x1600) |
| 13 | നബീസ | വിധവ പെൻഷൻ | 111920601357 | 13/11/2020 | 12/2020 മുതൽ 6/2021 വരെ | 10700 (1x1400, 3x1500, 3x1600) |
| 14 | ചോയിച്ചി | വാർദ്ധക്യ കാല പെൻഷൻ | 111920200236 | 12/11/2020 | 12/2020 മുതൽ 10/2021 വരെ | 17200 (4x1500, 7x1600) |
